بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 12.10.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

12.10.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

## നബി(സ)തിരുമേനിയുടെ മഹത്സ്ഥാനീയരായ ബദരീ സ്വഹാബാക്കളുടെ സവിശേഷഗുണങ്ങളുടെ വിശ്വാസവർദ്ധകവും ഹൃദയഹാരിയുമായ വിവരണങ്ങൾ

اَشۡہَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَ اَشۡہَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۙ﴿۱﴾ الرَّحۡمٰنِ الرَّحِیۡمِ ۙ﴿۲﴾ مٰلِکِ یَوۡمِ الدِّیۡنِ ؕ﴿۳﴾ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ؕ﴿۴﴾

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ﴿۵﴾ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും സൂറ:ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ അയ്യദഹുല്ലാഹുതആലാ പറഞ്ഞു;

ഇന്ന് ഞാൻ പറയുന്ന സ്വഹാബാക്കളുടെ സംഭവങ്ങളും നിവേദനങ്ങളും ചരിത്രത്തിൽ വിശദമായരീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടില്ല. ഏതാനും വരികളിൽ മാത്രം പ്രതിപാദിച്ചിട്ടുള്ള അവരുടെ ചുരുങ്ങിയ വിവരണം മാത്രമേയുള്ളു.എന്നാൽ മുഴുവൻ ബദരീ സ്വഹാബാക്കളുടെയും പരാമർശങ്ങൾ ഒരുതവണ ജമാഅത്തിന്റെ സാഹിത്യങ്ങളിലും വരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ചുരുങ്ങിയ വിവരണങ്ങളുള്ള പേരുകളും ഞാൻ എടുത്തിരിക്കുന്നത്. തന്നെയുമല്ല ഈ സ്വഹാബാക്കളുടെ സ്ഥാനങ്ങളെക്കുറിച്ചുള്ള ചെറിയ പരാമർശമാണെങ്കിലും നമുക്കത് അനുഗ്രഹം നൽകുന്നതാണ്. ഇക്കുട്ടർ ദരിദ്രരും ബലഹീനരുമായിരുന്നിട്ടും ദീനിനെ സംരക്ഷിക്കുന്നവരുടെ കൂട്ടത്തിൽ മുൻനിരയിലായിരുന്നു. ശത്രുക്കളുടെ ശക്തിക്കു കീഴ്പെട്ടില്ല മറിച്ച് അവരുടെ എല്ലാകാര്യങ്ങളും അല്ലാഹുവിൻെ അസ്തിത്വത്തിൽ ഭരമേല്പിച്ചിരിക്കുകയായിരുന്നു. നബി(സ)തിരുമേനിയോടു ചെയ്ത സ്നേഹത്തിന്റെയും കൂറിൻെയും പ്രതിജ്ഞ നിറവേറ്റുന്നതിനായി തങ്ങളുടെ ജീവൻ ബലിയർപ്പിക്കുന്നതിൽപോലും ഒരു ഉപേക്ഷയും വരുത്തിയില്ല. അവർ ആ അനുസരണത്തിന്റെ പ്രതിജ്ഞ നിറവേറ്റിയ കാരണത്താൽ അല്ലാഹുവും അവർക്ക് സ്വർഗ്ഗത്തിന്റെ സുവാർത്ത അറിയിക്കുകയും അവരിൽ തൃപ്തനാണെന്ന വിളംബരം നടത്തുകയും ചെയ്തു.

ഹദ്റത്ത് അബ്ദുർറബ്ബിബ്നു ഔസ് ഒരു സ്വഹാബിയായിരുന്നു. ബനൂ ഖദ്രജിലെ ബനൂസാഇദാ കുടുംബവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ബദർയുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നു.

പിന്നെ സലമാബിൻ സാബിത്ത്ബിൻ വഖ്ശ് ആണ്. ഹദ്റത്ത് സൽമ ബദർ യുദ്ധത്തിൽ പങ്കെടുത്തു. ഉഹ്ദ് യുദ്ധത്തിൽ അബൂസുഫിയാൻ അദ്ദേഹത്തെ ശഹീദാക്കി. ഹദ്റത്ത് സലമയുടെ പിതാവ് ഹദ്റത്ത് വഖ്ശും പിതൃസഹോദരനായ ഈഫാബിൻ വഖ്ശും അവരുടെ സഹോദരൻ ഹദ്റത്ത് അംറ്ബിൻസാബിത്തും ഉഹ്ദ് യുദ്ധത്തിൽ ശഹീദായിരുന്നു.

ഹദ്റത്ത് സിനാൻബിൻ സൈഫിയാണ് മറ്റൊന്ന്. അദ്ദേഹത്തിന്റെ ബന്ധം ഖദ്രജിന്റെ ശാഖയായ ബനൂ സലമയുമായിട്ടായിരുന്നു. മിസ്അബ് ബിൻ ഉമൈറിന്റെ തബ്ലീഗ് ശ്രമത്തിന്റെ ഫലമായി 12 നബവിയിൽ അദ്ദേഹം ഇസ്ലാം സ്വീകരിച്ചു. ബൈഅത്തെ അഖ്ബയുടെ അവസരത്തിലുള്ള എഴുപത് അൻസാറുകളിൽ ഇദ്ദേഹം ഉൾപ്പെട്ടിരുന്നു. ബദർ, ഉഹ്ദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഖന്ദക്ക് യുദ്ധത്തിലും ഇദ്ദേഹം പങ്കെടുത്തിരുന്നു അതിലാണ് ഇദ്ദേഹം ശഹാദത്ത് വരിച്ചത്. ഹദ്റത്ത് അബാദുല്ലാഹുബ്നു അബ്ദിൽ മനാഫ്ആണ് പിന്നെയുള്ളത്. ബനൂനുഅ്മാൻ ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഉഹ്ദ് യുദ്ധത്തിലും ബദർ യുദ്ധത്തിലും പങ്കെടുത്തിരുന്നു.

ഹദ്റത്ത് മുഹ്റജ് ബിൻ ആമിർ മാലിക് ആണ് മറ്റൊന്ന്. ബദർ യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തു. നബി(സ) തിരുമേനി ഉഹ്ദ് യുദ്ധത്തിനായി പുറപ്പെടുന്ന അന്നുരാവിലെയാണ് അദ്ദേഹം വഫാത്തായത്. ഉഹ്ദ് യുദ്ധത്തിൽ പങ്കടുത്ത ആളുകളിൽ ഇദ്ദേഹവും എണ്ണപ്പെടുന്നു. എന്തെന്നാൽ പങ്കെടുക്കുവാനുള്ള ഉദ്ദേശ്യം അദ്ദേഹത്തിനുണ്ടായിരുന്നു.

ഹദ്റത്ത് ആഇസ് ബിൻ മാഇസ് ഒരു അൻസാരി സ്വഹാബിയായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്ത് കാലത്ത് ഹിജ്രി 12ന് യമാമാ യുദ്ധത്തിൽ ശഹീദായി.

ഹദ്റത്ത് അബ്ദുല്ലാഹിബിബ്നു സൽലമാ ബിൻ മാലിക് അൻസാരി ആണ് മറ്റൊന്ന്. ബദർ, ഉഹ്ദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഉഹ്ദ് യുദ്ധത്തിൽ ശഹീദായി. ഹദ്റത്ത് അബ്ദുല്ലാഹുബ്നുസലമാ ശഹീദായപ്പോൾ അദ്ദേഹത്തെയും ഹദ്റത്ത് മുജസറുബ്നു സിയാദിനെയും ഒട്ടകപ്പുറത്ത് ഒരു പുതപ്പിൽ പുതപ്പിച്ചുകൊണ്ടാണ് മദീനയിൽ കൊണ്ടുവന്നത്. ഹദ്റത്ത് അബ്ദുല്ലാഹിബ്നു സലമായുടെ മാതാവ് റസൂലുല്ലാഹി(സ) യുടെ അടുക്കൽ വന്നുകൊണ്ടു പറഞ്ഞു; യാ റസൂലല്ലാഹ് എന്റെ മകൻ ബദർയുദ്ധത്തിൽ പങ്കെടുത്തിരുന്നു, ഉഹ്ദ് യുദ്ധത്തിൽ ശഹീദാവുകയും ചെയ്തു. ഞാനവനെ എന്റെ അടുത്തേക്ക് കൊണ്ടുവന്ന് മദീനയിൽ ഖബറടക്കാൻ ആഗ്രഹിക്കുകയാണ്. എനിക്കവന്റെ സാമിപ്യത്താൽ സന്തോഷിക്കാമല്ലോ. റസൂലുല്ലാഹി(സ) അതിന് അനുവാദം നല്കി.

പിന്നെ മറ്റൊരു സഹാബിയാണ്, ഹദ്റത്ത് മസ്ഊദ്ബ്

നു ഖൽദ. ബദർയുദ്ധത്തിലും ഉഹ്ദ്യുദ്ധത്തിലും പങ്കെടുത്തു.

ഹദ്റത്ത് മസ്ഊദുബ്നു സഅദ് അൻസ്വാരിയാണ് മറ്റൊന്ന്. ബിഅ്റെ മഊന സംഭവത്തിൽ ശഹീദായി. എന്നാൽ മുഹമ്മദുബ്നു ഉമാറയുടെയും അബൂനഈമിന്റെയും അഭിപ്രായത്തിൽ അദ്ദേഹം ഖൈബർയുദ്ധത്തിലാണ് ശഹീദായത്.

മറ്റൊരു സ്വഹാബിയാണ് ഹദ്റത്ത് സൈദുബ്നുഅസ്ലം. അൻസ്വാരിയാണദ്ദേഹം. ബദർ,ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്തുകാലത്ത് തുലൈഹാബിൻ ഖുവൈലിദുൽഅസദിക്കെതിരായുള്ള ഏറ്റുമുട്ടലിൽ ശഹീദായി.

അബുൽമുൻദിർ യസീദിബ്നു ആമിർ മറ്റൊരു സ്വഹാബിയാണ്. ബൈഅത്തെ അഖ്ബയിലും ബദർ ഉഹ്ദ് യുദ്ധങ്ങളിലും പങ്കെടുത്തു.

പിന്നെ ഹദ്റത്ത് അംറുബിൻ സഅ്ലബ, അൻസ്വാരി സ്വഹാബിയാണ്. ബദർ ഉഹ്ദ് യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു. ഹദ്റത്ത് അംറുബിൻ സഅ്ലബ വിവരിക്കുന്നു; ഞാൻ റസൂല്ലാഹി(സ)യെ സയാല എന്ന സ്ഥലത്തുവച്ചു കണ്ടുമുട്ടി അവിടെവച്ച് ഇസ്‌ലാം സ്വീകരിച്ചു. അവിടന്ന് എന്റെ തലയിൽ കൈകൊണ്ടു തടവി. നിവേദനത്തിൽ വരുന്നത്,നൂറു വയസ്സ് പ്രായമായിട്ടും ഹദ്റത്ത് അംറുബിൻ സഅ്ലബയുടെ തലയിൽ റസൂൽ(സ)തിരുമേനി തടവിയ ആഭാഗത്തുള്ള മുടിയിൽ നര ബാധിച്ചില്ല എന്നാണ്.

ഹദ്റത്ത് അബൂഖാലിദ് ഹാരിസിബ്നു ഖൈസുബ്നു ഖാലിദിബ്നു മുഖല്ലദ് ഒരു അൻസ്വാരി സ്വഹാബി ആയിരുന്നു. അദ്ദേഹം ബൈഅത്തെ അഖ്ബയും ബദർയുദ്ധവുമുൾപ്പെടെ നബി(സ)തിരുമേനിയോടൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. ഹദ്റത്ത് ഖാലിദിബ്നു വലീദിനോടൊപ്പം യമാമ യുദ്ധത്തിൽ പങ്കെടുക്കുകയും മുറിവു പറ്റുകയും ചെയ്തു. മുറിവ് ഭേദമായി എങ്കിലും ഹദ്റത്ത് ഉമർ(റ)ന്റെ കാലത്ത് മുറിവ് വീണ്ടുംപൊട്ടുകയും അതുകാരണമായി അദ്ദേഹം വഫാത്താവുകയുമുണ്ടായി. അതുകൊണ്ട് അദ്ദേഹത്തെ യമാമയുദ്ധത്തിലെ ശുഹദാക്കളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നു.

മറ്റൊരു സ്വഹാബിയാണ് ഹദ്റത്ത് അബാദുല്ലാഹിബ്നു സഅ്ലബ അൽബലുവി. അൻസ്വാരിയാണ് ഇദ്ദേഹവും. ബദർ ഉഹ്ദ് യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു.

പിന്നെ ഹദ്റത്ത് മഹാബുബ്നു സഅ്ലബ അൻസ്വാരിയാണ്. ഹദ്റത്ത് മഹാബുബ്നു സഅ്ലബ ബൈഅത്തെ അഖ്ബയിൽ പങ്കെടുത്തിരുന്നു. തന്റെ സഹോദരൻ ഹദ്റത്ത് അബ്ദുല്ലാഹിബ്നു സഅ്ലബയോടൊപ്പം ബദർ,ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു.

ഹദ്റത്ത് മാലികിബ്നു മസ്ഊദ് അൻസാരിയാണ് മറ്റൊന്ന്. ബദർ ഉഹ്ദ് യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു.പിന്നെ അബ്ദുല്ലാഹിബ്നു ഖൈസിബ്നു സഖർ അൻസാരിയാണ്. അൻസ്വാറുകളുടെ ഗോത്രമായ ബനൂസലമായുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം.തന്റെ സഹോദരൻ മഅബദുബ്നു ഖൈസിനോടൊപ്പം ചേർന്ന് ബദർ യുദ്ധത്തിലും ഉഹ്ദയുദ്ധത്തിലും പങ്കെടുത്തിരുന്നു.

മറ്റൊന്ന് ഹദ്റസത്ത് അബ്ദുല്ലാഹിബ്നു അബസ് അൻസാരിയാണ്. ഇദ്ദേഹം റസൂൽതിരുമേനി(സ)യുടെ കൂടെ ബദർ യുദ്ധത്തിലും തുടർന്നുള്ള എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു.

ഹദ്റത്ത് മുഅതിബ് ബിനുഖുശൈർ അൻസാരിയാണ് മറ്റൊന്ന്. ബൈഅത്തെ അഖ്ബയിൽ അദ്ദേഹം പങ്കെടുത്തിരുന്നു. ബദർ ഉഹ്ദ് യുദ്ധങ്ങളിലും പങ്കെടുത്തു

ഹദ്റത്ത് സുവാദുബ്നു റുസൻ അൻസാരി ഒരു സ്വഹാബിയാണ്. ഉഹ്ദ്,ബദർ യുദ്ദങ്ങളിൽ അദ്ദേഹം പങ്കെടുത്തു.

മറ്റൊരു സ്വഹാബിയായിരുന്നു, ഹദ്റത്ത് മുഅ്ത്വീ ബിൻ ഔഫ്. ഹബ്ശയിലേക്കുള്ള രണ്ടാം ഹിജ്റത്തിൽ ഉൾപ്പെട്ടിരുന്നു. ഹദ്റത്ത് മുഅ്ത്വിബിൻ ഔഫ് ബദർ,ഉഹദ്,ഖന്ദക്ക് അടക്കമുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)യോടൊപ്പം പങ്കെടുത്തു. ഹിജ്റ വർഷം57ന് 78ാം വയസ്സിൽ അദ്ദേഹം വഫാത്തായി.

ഹദ്റത്ത് ബുജൈറുബ്നു അബീ ബുജൈർ ആണ് മറ്റൊന്ന്. ബദർ,ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു.

മറ്റൊന്ന് ആമിർബ്ബിൻ ബുകൈർ ആയിരുന്നു. ബദർ യുദ്ധത്തിൽ പങ്കെടുത്തു. ബദർയുദ്ധത്തിൽ അദ്ദേഹത്തോടൊപ്പം സഹോദരങ്ങളായ ഹദ്റത്ത് ഇയാസ്ബിൻ ബുകൈർ,ഹസ്രത്ത് ആഖിലിബ്നു ബുകൈർ, ഹദ്റത്ത് ഖാലിദുബ്നു ബുകൈർ എന്നിവരും പങ്കെടുത്തു. അതുപോലെ മറ്റെല്ലാ യുദ്ധങ്ങളിലും ഇവരെല്ലാവരും പങ്കെടുത്തു. ഈ സഹോദരങ്ങളെല്ലാം ദാറെഅർഖമിൽ വച്ച് ഇസ്‌ലാം സ്വീകരിച്ചവരായിരുന്നു. ഹദ്റത്ത് ആമിർ ബിൻ ബുകൈർ യമാമയുദ്ധദിവസം ശഹീദായി.

ഹദ്റത്ത് അംറുബിൻ സുറാഖ ബിൻ അൽ മുഅ്ത്തമിർ ആണ് മറ്റൊരു സ്വഹാബി. ബദർ,ഉഹ്ദ്,ഖന്ദഖ് അടക്കമുള്ള എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. ഹദ്റത്ത് ആമിർബിൻ റബീഅ നിവേദനം ചെയ്യുന്നു; നബി(സ)തിരുമേനി ഞങ്ങളെ നഖ്ലയിലേക്കയച്ചു. ഞങ്ങളുടെ കൂടെ ഹദ്റത്ത് അംറുബിൻസുറാഖയും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ശരീരം മെലിഞ്ഞതും വളരെ പോക്കമുള്ളതുമായിരുന്നു. യാത്രാമധ്യേ ഹദ്റത്ത് അംറുബിൻസുറാഖ വയറ്റിൽ കൈവച്ചുകൊണ്ട് അവിടെ ഇരുന്നുപോയി. വിശപ്പിന്റെ കാഠിന്യത്താൽ നടക്കാൻ കഴിയുമായിരുന്നില്ല. പറയുന്നു; ഞങ്ങൾ ഒരു കല്ലെടുത്ത് അദ്ദേഹത്തിന്റെ വയറ്റിൽ മുറുക്കിക്കെട്ടി. പീന്നീടദ്ദേഹം ഞങ്ങളോടൊപ്പം നടക്കാൻ തുടങ്ങി.ഞങ്ങൾ പീന്നീട് ഒരു അറബ് ഗോത്രത്തിൽ എത്തിച്ചേർന്നു. ഗോത്രക്കാർ ഞങ്ങൾക്ക് ആതിഥ്യമരുളി. അതിനുശേഷം അദ്ദേഹം നടക്കാൻ തുടങ്ങി. ആഹാരം കഴിച്ച് നടക്കാൻ തുടങ്ങിയപ്പോൾ ഹദ്റത്ത് അംറുബിൻ സുറാഖാ പറഞ്ഞു; ഞാൻ ആദ്യം മനസ്സിലാക്കിയിരുന്നത് മനുഷ്യന്റെ രണ്ടു കാലുകളാണ് അവന്റെ വയറിനെ താങ്ങിയിരിക്കുന്നത് എന്നാണ് എന്നാൽ ഇന്നെനിക്കു മനസ്സിലായി യഥാർത്ഥത്തിൽ വയറാണ് കാലുകളെ താങ്ങുന്നത് എന്ന്. അദ്ദേഹം ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്തുകാലത്ത് വഫാത്തായി.

ഹദ്റത്ത് സാബിത്തിബ്നു ഹസാൽ മറ്റൊരു സ്വഹാബിയാണ്. ബദർ,ഉഹദ്,ഖന്ദഖ് യുദ്ധങ്ങളിലടക്കം എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹിജ്രി 12ന് ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്തുകാലത്ത് നടന്ന യമാമ യുദ്ധത്തിൽ അദ്ദേഹം ശഹീദായി.

മറ്റൊന്ന് ഹദ്റത്ത് സ്വബൈഹിബ്നു ഖൈസ് ആണ്. അൻസ്വാരി ഖദ്റജി ആയിരുന്നു അദ്ദേഹം. ബദർ ഉഹ്ദ് യുദ്ധങ്ങളിൽ പങ്കെടുത്തു.അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഖദീജ ബിൻത് അംറുബിൻ സൈദ് എന്നായിരുന്നു. ഹദ്റത്ത് സ്വബൈഹിന് അബ്ദുല്ലാഹാ എന്നു പേരായ ഒരു മകനുണ്ടായിരുന്നു. ഹദ്റത്ത് ഉബാദത്തുബ്നു ഖൈസ്,സൈദുബ്നുഖൈസ് എന്നിവർ അദ്ദേഹത്തിന്റെ സഹോദരൻമാരായിരുന്നു.ഹദ്റത്ത് അബൂദർദയുടെ പിതൃസഹോദരനായിരുന്നു അദ്ദേഹം.

പിന്നെ ഉത്ബാബിൻ ഗസ്വാനിന്റെ ഭൃത്യനായിരുന്ന ഹദ്റത്ത് ഖുബ്ബാബ്(റ)ആയിരുന്നു. ഹദ്റത്ത് ഉത്ബാബിൻ ഗസ്വാനിന്റെ സ്വതന്ത്രനാക്കപ്പെട്ട അടിമയായിരുന്നു. മദീനയിലേക്ക് ഹിജ്റത്ത് പോയപ്പോൾ നബി(സ)തിരുമേനി ഹദ്റത്ത് തമീംമൗലാ ഖറാശിബ്നുഅസ്മ യുമായി അദ്ദേഹത്തിന് സാഹോദര്യബന്ധമുണ്ടാക്കി. ഹദ്റത്ത് ഖുബ്ബാബ് ബദർ,ഉഹദ്,ഖന്ദക്ക് അടക്കമുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. മദീനയിൽവച്ച് ഹിജ്രി 19ന് അദ്ദേഹം വഫാത്തായി. അപ്പോൾ അദ്ദേഹത്തിന് 50 വയസ്സ് പ്രായമായിരുന്നു. ഹദ്റത്ത് ഉമർ ആണ് അദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചത്.

ഹദ്റത്ത് സുഫിയാൻ(റ)ഇബ്നുനസർ അൻസ്വാരി ആയിരുന്നു മറ്റൊരു സ്വഹാബി. ഖദ്രജ് ഗോത്രത്തിലെ ബനൂജൗശമുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ബദർ,ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു. ഒരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി ഹദ്റത്ത് സുഫിയാനും ഹദ്റത്ത് തുഫൈലുബ്നുഹാരിസിനുമിടയിൽ സാഹോദര്യബന്ധമുണ്ടാക്കി.

മറ്റൊരു സ്വഹാബിയാണ് അബൂമഗ്ശി അത്ത്വായി. അബൂമൂസാ എന്ന വിളിപ്പേരിലൂടെയായിരുന്നു ഇദ്ദേഹം പ്രസിദ്ധനായിരുന്നത്. അദ്ദേഹത്തിന്റെപേര് സുഐദുബ്നു മഗ്ശി എന്നാണ്. ബനൂ അസദിന്റെ സഖ്യത്തിൽപെട്ട ആളായിരുന്നു അബൂമൂസാ അത്ത്വാഇ. ആദ്യ മുഹാജിറുകളിൽപ്പെട്ടയാളായിരുന്നു. ബദർയുദ്ധത്തിൽ പങ്കെടുത്തു.

മറ്റൊന്ന് ഹദ്റത്ത് വഹബ്ബിനു അബീസറാ ആണ്. അദ്ദേഹം തന്റെ സഹോദരനോടൊപ്പം ബദർയുദ്ധത്തിൽ പങ്കെടുത്തിരുന്നുവെന്ന് മൂസാബിൻ അഖ്ബ പറയുന്നു.

പിന്നെ ഹദ്റത്ത് തമീം മൗലാ ബനൂഗനം അൻസ്വാരി ആയിരുന്നു മറ്റൊന്ന്. ബനൂഗനമിസ്സലമിന്റെ സ്വതന്ത്രനാക്കപ്പെട്ട അടിമയായിരുന്നു അദ്ദേഹം. ബദർ,ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു.

ഹദ്റത്ത് അബുൽഹുറാഅ് മൗലാ ഹദ്റത്ത് ഹാരിസിബ്നു അഫ്രാഅ് ആയിരുന്നു മറ്റൊന്ന്. ബദർ,ഉഹദ് യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു. അബുൽഹുറാഇന്റെ കയ്യിൽ ഉണ്ടായിരുന്ന ഒട്ടകപ്പുറത്തായിരുന്നു ബദർ യുദ്ധാവസരത്തിൽ ഹദ്റത്ത് മഅ്ദാ,ഹദ്റത്ത് ഔഫ്,ഹദ്റത്ത് മഊസും അദ്ദേഹം സ്വതന്ത്രനാക്കിയ അടിമയും മാറിമാറി സഞ്ചരിച്ചിരുന്നത്.

ഹദ്റത്ത് അബൂ സബ്രാബിൻഅബീറുഹം ആയിരുന്നു മറ്റൊന്ന്. അദ്ദേഹത്തിന്റെ മാതാവ് ബറാഅ് ബിൻത് അബ്ദുൽമുത്ത്വലിബ് റസൂലുല്ലാഹി(സ)യുടെ അമ്മായി ആയിരുന്നു. ഹദ്റത്ത് അബൂസബ്ര ഹബ്ശയിലേക്ക് രണ്ടുപ്രാവശ്യവും ഹിജ്റത്ത് ചെയ്തു. മദീനയിലേക്കുള്ള ഹിജ്റത്തിനു ശേഷം അദ്ദേഹം മുൻദിറുബ്നു മുഹമ്മദിന്റെ അടുത്ത് താമസിച്ചു.നബി(സ)തിരുമേനി അദ്ദേഹത്തിനും സലമാബിൻ സലാമയുടെയും ഇടയിൽ സാഹോദര്യബന്ധമുണ്ടാക്കി. ബദർ,ഉഹദ്,ഖന്ദഖ് യുദ്ധങ്ങളിലും ബാക്കി എല്ലാ യുദ്ധങ്ങളിലും നബി(സ)യുടെ സഹചാരിയായിരുന്നു. ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്തുകാലത്ത് അദ്ദേഹം വഫാത്തായി.

മറ്റൊന്ന് ഹദ്റത്ത് സാബിത്തിബ്നു അംറുബ്നു സൈദ് ആണ്. ഇബ്നുഇസ്ഹാഖും സുഹ്രിയും പറയുന്നത് അദ്ദേഹത്തിന്റെ വംശാവലി ബനൂനജ്ജാറുമായിട്ടാണ് എന്നാണ്. ബദർ യുദ്ധത്തിൽ പങ്കെടുക്കുകയും ഉഹദുയുദ്ധത്തിൽ ശഹീദാവുകയും ചെയ്തു.

ഹദ്റത്ത് അബുൽഅഊറബ്നു അൽഹാരിസ് ആണ് മറ്റൊന്ന്. അദ്ദേഹത്തിന്റെ മാതാവ് ഉമ്മെ നിയാർബിൻത് അയാസ്ബിൻആമിർ എന്നായിരുന്നു. ബദർ,ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തു.

മറ്റൊന്ന് ഹദ്റത്ത് അബസ്ബിൻ ആമിർബിൻഅദ്ദീ ആയിരുന്നു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉമ്മുൽബനീൻ ബിൻത് ദഹീർബിൻ സഅ്ലബ എന്നായിരുന്നു. ബൈഅത്തെ അഖബയിൽ സന്നിഹിതരായിരുന്ന എഴുപത് അൻസ്വാരീ സ്വഹാബാക്കളിൽ അദ്ദേഹവും ഉൾപ്പെടുന്നു. ബദർ യുദ്ധത്തിലും ഉഹദ് യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തു.

ഹദ്റത്ത് ഇയാസുബ്നു ബുകൈർ ആണ് മറ്റൊന്ന്. അദ്ദേഹം ബനൂഅദ്ദിയുടെ സഖ്യത്തിൽപ്പെട്ട ബനൂസഅദുബ്നു ലൈസ് ഗോത്രത്തിൽ നിന്നായിരുന്നു. ഹദ്റത്ത് ആഖിൽ,ഹദ്റത്ത് ആമിർ,ഹദ്റത്ത് അയാസ്,ഹദ്റത്ത് ഖാലിദ് ഇവർ ഒരുമിച്ചായിരുന്നു ദാറെ അർഖമിൽ ബൈഅത്ത് ചെയ്തത്. മദീന ഹിജ്റത്തിനു ശേഷം അദ്ദേഹം റഫാഇബ്നു അബ്ദുൽമുൻദിറിന്റെ അടുക്കൽ താമസിച്ചു. അദ്ദേഹത്തിന്റെ മാതാവിന്റെ ഭാഗത്തുനിന്ന് വേറെ മൂന്നു സഹോദരൻമാരുണ്ടായിരുന്നു. ഇവർഎല്ലാവരും ബദർയുദ്ധത്തിൽ പങ്കെടുത്തിരുന്നു. മിസ്ര് വിജയത്തിലും പങ്കെടുത്തിരുന്നതായി ഇബ്നു യൂനുസ് പറയുന്നു. ഹിജ്രി 34ന് വഫാത്തായി. എന്നാൽ ഒരു രിവായത്തനുസരിച്ച് ഹദ്റത്ത് അയാസ് യമാമ യുദ്ധത്തിലാണ് ശഹീദായത്.

മറ്റൊരു സ്വഹാബിയാണ് ഹദ്റത്ത് മാലിക്കുബ്നു നമീല. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് നമീല എന്നായിരുന്നു. ഔസ് ഗോത്രത്തിന്റെ ശാഖയും ബനീ മുആവിയായുടെ സഖ്യത്തിൽപ്പെടുന്ന മുസൈന ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ബദർ ഉഹദ് യുദ്ധങ്ങളിൽ പങ്കെടുക്കുകയും ഉഹദ് യുദ്ധത്തിൽ ശഹീദാവുകയും ചെയ്തു.

മറ്റൊന്ന് ഉനൈസ്ബിൻ ഖതാദാബിൻ റബീഅ ആണ്.

അൻസ്വാരികളുടെ ഗോത്രമായ ഔസ് ഗോത്രവുമായിട്ടാണ് അദ്ദേഹത്തിന് ബന്ധം. ബദറിൽ നബി(സ)തിരുമേനിയുടെ കൂടെയുണ്ടായിരുന്നു. ഉഹദ് യുദ്ധത്തിൽ ശഹീദായി. ഹദ്റത്ത് ഖൻസാബിൻ ഖിസാം ഹദ്റത്ത് ഉനൈസ്ബിൻ ഖതാദായുടെ പത്നിയായിരുന്നു. അദ്ദേഹം ശഹീദായപ്പോൾ ഹസ്രത്ത് ഖൻസായുടെ പിതാവ് അവരുടെ നിക്കാഹ് മുസൈനാ ഗോത്രത്തിൽപ്പെട്ട ഒരാളുമായി നടത്തുകയുണ്ടായി. എന്നാൽ അവർക്ക് അതിഷ്ടമല്ലായിരുന്നു. പിന്നീടവർ നബി(സ) തിരുമേനിയുടെ അടുക്കലെത്തി. തിരുമേനി(സ) ഹദ്റത്ത് ഖൻസായുടെ നിക്കാഹ് റദ്ദാക്കുകയുണ്ടായി. അതിനുശേഷം ഹദ്റത്ത് ഖൻസാ ഹദ്റത്ത് അബൂലുബാബയെ വിവാഹം കഴിച്ചു. വിവാഹകാര്യങ്ങളിൽ സ്ത്രീകൾക്കുള്ള സ്വാതന്ത്ര്യത്തിനുദാഹരണമാണിത്. പെൺകുട്ടികളുടെ മേൽ നിർബന്ധം ചെലുത്തുന്നവർ ചിന്തിക്കേണ്ടതാണ്.

ഹദ്റത്ത് റാഫിഉബ്നു അൻജിദ അൻസ്വാരി ആയിരുന്നു മറ്റൊന്ന്. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് അബ്ദുൽഹാരിസ് എന്നായിരുന്നു. അൻജിദ എന്നത് അദ്ദേഹത്തിന്റെ മാതാവിന്റെ പേരായിരുന്നു. ബദർ,ഉഹദ്,ഖന്ദഖ് യുദ്ധങ്ങളിൽ പങ്കെടുത്തു. നബി(സ)തിരുമേനി ഹദ്റത്ത് റാഫിഉബ്നു അൻജിദയ്ക്കും ഹദ്റത്ത് ഹുസൈനുബ്നു ഹാരിസിനുമിടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു.

ഹദ്റത്ത് ഖുലൈദ്ബിൻ ഖൈസ് ആയിരുന്നു മറ്റൊന്ന്. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് അിഅ്ദാം ബിൻ അൽ ഖൈൻ എന്നായിരുന്നു. ബനൂസലമയിൽ നിന്നുള്ളതായിരുന്നു അവർ.ബദർ,ഉഹദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ സഹോദരന്റെ പേര് ഖലാദ് എന്നായിരുന്നു. ചില ചരിത്രകാരൻമാരുടെ അഭിപ്രായത്തിൽ ഇദ്ദേഹവും ബദരീ സ്വഹാബികളിൽപ്പെട്ടയാളായിരുന്നു.

ഹദ്റത്ത് സഖഫിബ്നു അംറ് ആയിരുന്നു മറ്റൊന്ന്. ബനൂ അസദിന്റെ സഖ്യത്തിൽപ്പെട്ടയാളായിരുന്ന അദ്ദേഹം. തന്റെ രണ്ടു സഹോദരൻമാരായ ഹദ്റത്ത് മാലികുബ്നു അംറും ബത്‌ലാജുബ്നു അംറിനോടുമൊപ്പം ബദർ യുദ്ധത്തിൽ പങ്കെടുത്തു. ആദ്യകാല മുഹാജിറുകളിൽ പെട്ടയാളായിരുന്നു അദ്ദേഹം. ബദർ,ഉഹദ്,ഖന്ദഖ് യുദ്ധങ്ങളിലും,ഹുദൈബിയ, ഖൈബറിലും പങ്കെടുത്തു. ഖൈബർ യുദ്ധത്തിൽ അദ്ദേഹം ശഹീദായി.

ഹദ്റത്ത് സബ്റാ ബിൻ ഫാത്തിക് ആയിരുന്നു മറ്റൊന്ന്. ഖരീംബിൻഫാതിഖിന്റെ സഹോദരനായിരുന്നു ഇദ്ദേഹം. ബനൂഅസദ് കുടുംബത്തിൽ നിന്നുള്ളതായിരുന്നു. ഇദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഫാതിക്ബിൻ അൽ അഖ്റം എന്നായിരുന്നു. അയ്മൻബിൻ ഖരീം വിവരിക്കുന്നു; എന്റെ പിതാവും പിതൃസഹോദരനും രണ്ടു പേരും ബദർയുദ്ധത്തിൽ പങ്കെടുത്തു. ഞാൻ ഒരിക്കലും ഒരു മുസ്‌ലിമിനോടും പോരാടുകയില്ലെന്ന് എന്നിൽ നിന്നും കരാർ വാങ്ങിയിരുന്നു. അദ്ദേഹം വിവരിക്കുന്നു; നബി(സ)തിരുമേനി അരുളുകയുണ്ടായി; റഹ്മാനായ ദൈവത്തിന്റെ കൈകളിലാണ് തുലാസുള്ളത് അവൻ ചില സമുദായങ്ങളെ ഉയർത്തുകയും ചിലതിനെ താഴ്ത്തുകയും ചെയ്യുന്നു. ഒരിക്കൽ അദ്ദേഹം അബൂദർദ്ദയുടെ സമീപത്തുകൂടെ കടന്നുപോവുകയായിരുന്നു അപ്പോൾ അദ്ദേഹം(അബൂദർദ്ദ)പറഞ്ഞു; സബ്റയുടെകൂടെ മുഹമ്മദ്(സ)ന്റെ പ്രകാശമുണ്ട്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ പറഞ്ഞു; ജുമുആക്കു ശേഷം ഞാൻ രണ്ടു ജനാസാ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. അതിൽ ആദ്യത്തെ ജനാസമലേഷ്യയിലെ ജമാഅത്ത് സദർ ആയിരുന്ന ബഹു: ഉംകൂ അദ്നാൻ ഇസ്മാഈൽ സാഹിബിന്റെയാണ്. ഒക്ടോബർ 8ന് 74-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ. രണ്ടാമത്തെ ജനാസ ഹമീദബീഗം സാഹിബയുടേതാണ്. റബ്‌വയിലെ ചൗധരി ഖലീൽഅഹ്മദ് സാഹിബിന്റെ ഭാര്യയായിരുന്നു. ഒക്ടോബർ 5ന് 84-ാംവയസ്സിൽ അവർ വഫാത്തായി. ഇന്നാലില്ലാഹി വഇന്നാഇലൈഹി റാജിഊൻ.

اَلْحَمْدُ لِلّٰهِ نَحمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُوْمِنُ بِهٖ وَ نَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-


Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 12.10.18
Malayalam Translation : **Moulvi Najmuddin,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516